"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡബ്ല്യു.എം.1/40/2022/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 02-02-2022

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ. - പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF, RRF) തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന:- (1) 16.01.2021-ലെ സ.ഉ.(സാധാ) നം.113/2021/തസ്വഭവ നമ്പർ ഉത്തരവ്.

(2) 11.10.2021-ലെ 4/ഡി.സി.1/2021/തസ്വഭവ നമ്പർ സർക്കുലർ.

(3) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.01.2022-ലെ 3169/സി5/2016/എസ്.എം. നമ്പർ കുറിപ്പ്.

*********************

പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF, RRF), തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകളും സുരക്ഷാക്രമീകരണങ്ങളും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സൂചനയിലെ ഉത്തരവ്, സർക്കുലർ എന്നിവ പ്രകാരം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടാത്ത സാഹചര്യത്തിൽ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF, RRF) തീപിടുത്തം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം, എം.സി.എഫ്, ആർ.ആർ.എഫുകളും ഫയർ & റെസ്ക്യൂ ഇലക്ട്രിക്കൽ സുരക്ഷാ സംവിധാനങ്ങൾ പൂർണ്ണമായും ഒരുക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നത്. പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിലെ തീപിടുത്തം ഒഴിവാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

### I. ഇലക്ട്രിക്കൽ സുരക്ഷാ നിർദ്ദേശങ്ങൾ

1) മെയിൻ സ്വിച്ച് പ്രവർത്തനക്ഷമം ആയി വയ്ക്കുക.

2) ഫ്യൂസിനു പകരം മിനിയേച്ചർ സർക്യൂട്ട് ബ്രേക്കർ (MCB) സ്ഥാപിക്കുക.

3) മെയിൻ സ്വിച്ചിലും സർക്യൂട്ടിലും ന്യൂട്രലിൽ ലിങ്ക് സ്ഥാപിക്കുക.

4) വിതരണത്തിന്റെ ആരംഭ പോയിൻറിനു സമീപം എളുപ്പത്തിൽ എത്തിച്ചേരാവുന്നതും വിതരണം പൂർണ്ണമായി ഒറ്റപ്പെടുത്താൻ എളുപ്പത്തിൽ പ്രവർത്തിപ്പിക്കാവുന്നതിനു അനുയോജ്യമായ ലിങ്ക്ഡ് സ്വിച്ച് സർക്യൂട്ട് ബ്രേക്കർ സ്ഥാപിക്കണം.

5) ഓരോ വ്യത്യസ്തമായ സർക്യൂട്ടും അനുയോജ്യമായ ഒരു സർക്യൂട്ട് ബ്രേക്കർ അല്ലെങ്കിൽ കട്ട് ഔട്ട് ഉപയോഗിച്ച് അധിക ഊർജ്ജത്തിൽ നിന്ന് പരിരക്ഷിക്കണം.

6) വയറിങ്ങിലും, വൈദ്യുതി ഉപകരണങ്ങളിലും ഉണ്ടായേക്കാവുന്ന ചോർച്ച മൂലം ഉള്ള അപകടം ഒഴിവാക്കാൻ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ (earth leakage circuit breaker) മെയിൻ സ്വിച്ചിനോടനുബന്ധിച്ച് സ്ഥാപിക്കുക.

7) മോട്ടോറുകൾക്കും, വൈദ്യുത ഉപകരണങ്ങൾക്കും സമീപത്തായി അനുയോജ്യമായ ഒരു ലിങ്ക്ഡ് സ്വിച്ച് അല്ലെങ്കിൽ സർക്യൂട്ട് ബ്രേക്കർ നൽകണം.

8) പ്രധാന സ്വിച്ച് ബോർഡിനു മുൻവശത്ത് ഏകദേശം ഒരു മീറ്ററെങ്കിലും വ്യക്തതയുള്ള സ്ഥലം നൽകണം (എല്ലാ സ്വിച്ച് ബോർഡുകൾക്കും മുന്നിൽ കഴിയുമെങ്കിൽ ഒരു മീറ്ററെങ്കിലും വ്യക്തതയുള്ള ഇടം നൽകണം).

9) തീപിടിക്കാവുന്ന വസ്തുക്കൾ സ്വിച്ച് ബോർഡുകളുടെ സമീപം സൂക്ഷിക്കാതിരിക്കുക.

10) എല്ലാ സ്വിച്ച് ബോർഡുകൾക്കും മുന്നിൽ ഇലക്ട്രിക്കൽ ഗ്രേഡ് റബ്ബർ മാറ്റ് സ്ഥാപിക്കണം.

11) കൃത്യമായ വൈദ്യുതി വാഹക ശേഷിയുള്ള വയറുകൾ ഉപയോഗിക്കുക.

12) ഐ. എസ്. ഐ മുദ്രയുള്ളതോ തത്തുല്യമായ നിലവാരമുള്ളതോ ആയ ഉപകരണങ്ങളും സാമഗ്രികളും മാത്രം വയറിങ്ങിനു ഉപയോഗിക്കുക.

13) പി. വി. സി. conduit വയറിങ്ങിനു ഐ.എസ്.ഐ അംഗീകാരമുള്ള റീജിഡ് പി വി സി പൈപ്പുകൾ മാത്രം ഉപയോഗിക്കുക.

14) ശരിയായ രീതിയിൽ എർത്തിങ് ചെയ്യുക.

15) മെയിൻ സ്വിച്ചും പ്ലഗ് സോക്കറ്റുകളും നമ്പർ 14 ഗേജ് ചെമ്പ് കമ്പി ഉപയോഗിച്ച് എർത്ത് ചെയ്യുക.

16) പി. വി. സി. conduit വയറിങ്ങിനു പൈപ്പിനകത്തുകൂടി 14 ഗേജ് ചെമ്പ് കമ്പി earth കണ്ടിന്യൂയിറ്റിക്കു വേണ്ടി ഉപയോഗിക്കുക.

17) എല്ലാ സ്റ്റേഷനറി മോട്ടോറിന്റെയും ഫ്രെയിം വ്യത്യസ്തമായ രണ്ട് കണക്ഷനുകളാൽ എർത്ത് ചെയ്യണം.

18) വൈദ്യുത വിതരണ ലൈനോ ഉപകരണമോ അടങ്ങിയിരിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്ന മെറ്റൽ കേസിംഗ് അല്ലെങ്കിൽ മെറ്റാലിക് കവറുകൾ ശരിയായി എർത്ത് ചെയ്യുകയും ഇലക്ട്രിക്കൽ കണക്ഷനുകളിലുടനീളം കൂട്ടിച്ചേർക്കുകയും ചെയ്യണം.

19) ഉപഭോക്താവിന്റെ എർത്ത് ഇലക്ട്രോഡ് ശരിയായി സ്ഥാപിക്കണം. എർത്ത് ഇലക്ട്രോഡ് ടെസ്റ്റ് ചെയ്ത റിസൾട്ട് തൃപ്തികരമാണെന്ന് ഉറപ്പാക്കണം.

20) എർത്ത് വയർ മെക്കാനിക്കൽ തകരാറിൽ നിന്ന് മുക്തമാണോ എന്നു ഉറപ്പുവരുത്തുക.

21) വൈദ്യുതാഘാതമേറ്റവർക്ക് നൽകേണ്ട പ്രഥമശുശ്രൂഷകളെക്കുറിച്ച് ഇംഗ്ലീഷ്/ മലയാളത്തിലുള്ള നിർദ്ദേശങ്ങൾ പ്രകടമായ സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്/

22) DCP / C02 തരത്തിലുള്ള അഗ്നിശമന ഉപകരണങ്ങൾ (ഫയർ എക്സ്റ്റിംഗ്വിഷർ ) സ്ഥാപനത്തിൽ ഉണ്ടായിരിക്കണം

**II. ഫയർ ആന്റ് റെസ്ക്യൂ സുരക്ഷാ നിർദ്ദേശങ്ങൾ**

**(i) തീ പിടുത്ത സാധ്യത ഒഴിവാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ.**

1. പാഴ് വസ്തുക്കളുടെ കൂന സീലിങ്ങിൽ തട്ടരുത്.
2. എം.സി.എഫ്, ആർ.ആർ.എഫ് സംഭരണ ശാലകളിൽ മതിയായ വെൻറിലേഷൻ ഉണ്ടെന്ന് ഉറപ്പ് വരുത്തുക.
3. യൂണിറ്റിന് ചുറ്റും 5m വീതിയിൽ ഫയർ ലൈൻ എടുക്കുകയും ആയത് പരിപാലിക്കുകയും ചെയ്യുക.
4. യൂണിറ്റിൽ അഗ്നിശമന വാഹനങ്ങൾ കടന്നുപോകുന്നതിനുള്ള വഴി സൗകര്യം ഉണ്ടെന്ന് ഉറപ്പു വരുത്തുക.
5. ശേഖരിക്കുന്ന മാലിന്യങ്ങൾ ജൈവ അജൈവമായി വേർതിരിക്കേണ്ടതും, ചെറുകൂനകളായി സംഭരിക്കേണ്ടതുമാണ്. കൂനകൾ തമ്മിൽ 5m കുറയാത്ത അകലം പാലിക്കേണ്ടതുമാണ്.
6. എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയുടെ പുറത്തും എത്തിച്ചേരുന്ന വഴിയിലും പാഴ്വസ്തുക്കൾ സൂക്ഷിക്കരുത്.
7. പാഴ് വസ്തുക്കൾ സമയബന്ധിതമായി നീക്കം ചെയ്യേണ്ടതാണ്.
8. എമർജൻസി നമ്പർ (ഫയർ, പോലീസ്, ആബുലൻസ്), പുകവലി പാടില്ല എന്നീ ബോർഡുകൾ നിശ്ചിത ഇടവേളകളിൽ സ്ഥാപിക്കേണ്ടതാണ്.
9. പുറത്തേയ്ക്ക് ഉള്ള വഴി ബോർഡുകൾ കൃത്യമായി സ്ഥാപിക്കേണ്ടതാണ്.
10. മാലിന്യത്തിൽ ഉൾപ്പെട്ട ബാറ്ററികളിലെ ആസിഡ് പൂർണ്ണമായും ചോർത്തികളഞ്ഞു

സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടെർമിനലുകൾ തമ്മിൽ സമ്പർക്കത്തിലായി സ്പാർക്ക് ഉണ്ടായി തീ പിടിക്കാനും ആസിഡ് ലിക്ക് ചെയ്ത് മറ്റ് വസ്തുക്കളുമായി കൂടിചേർന്ന് തീ പിടിക്കാനും സാധ്യതയുണ്ട്.

11. വൈദ്യുതി വയറിങ്ങുകളിൽ തട്ടി നിൽക്കത്തക്ക രീതിയിൽ സാധനങ്ങൾ സൂക്ഷിക്കരുത്.

12. തീ അണയക്കുവാൻ ധാരാളമായി ജലം ആവശ്യമായി വരുന്നതിനാൽ ഇത്തരം മാലിന്യസംഭരണികൾക്ക് സമീപം ജല സ്രോതസ്സുകളോ, ജലസംഭരണികളോ ഉണ്ടാകേണ്ടതാണ്.

(ii) പാഴ്വസ്തു സംഭരണശാലകളിലെ തീ പിടുത്ത മുൻ കരുതലുകൾ

13. 100 $m^2$ ഏരിയക്ക് ഒരു ഹൈഡ്രന്റ് എന്ന രീതിയിൽ സ്ഥാപിക്കേണ്ടതാണ്.

14. 1620 ipm capacity ഉള്ള ഡീസൽ പമ്പ് സ്ഥാപിക്കേണ്ടതും ജല ലഭ്യത ഉറപ്പു വരുത്തേണ്ടതുമാണ്.

15. അഗ്നിശമന പ്രവർത്തനങ്ങൾക്കും, സാൽവേജ് പ്രവർത്തനങ്ങൾക്കുമായി ആവശ്യത്തിന് ഫയർ റാക്ക്, ഫയർ ബീറ്ററുകൾ, ഫയർ ബക്കറ്റ് എന്നവ ഉറപ്പുവരുത്തേണ്ടതാണ്.

16. അപകട രക്ഷാപ്രവർത്തനങ്ങൾക്ക് വേണ്ട പരിശീലനം ജീവനക്കാർക്ക് യഥാസമയം നൽകേണ്ടതും കൃത്യമായ ഇടവേളകളിൽ മോക്ക് ഡ്രിൽ നടത്തേണ്ടതുമാണ്.

17. പ്രഥമ ശുശ്രൂഷാ സംവിധാനം പാഴ് വസ്തു സംഭരണ കേന്ദ്രങ്ങൾ ഒരുക്കേണ്ടതാണ്.

18. 24 മണിക്കൂറും ഫയർ വാച്ചർമാരുടെ സേവനം സംഭരണശാലകളിൽ ഉറപ്പു വരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള സംവിധാനങ്ങൾ 3 മാസക്കാലയളവിനുള്ളിൽ ഒരുക്കേണ്ടതാണ്. പ്രസ്തുത കാലയളവിനു ശേഷം പരിശോധനാ ടീം രൂപീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എം.സി.എഫ്., ആർ.ആർ.എഫ്.കളിൽ പരിശോധന നടത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പ്രകാരമുള്ള തീപിടുത്ത സുരക്ഷാ സംവിധാനങ്ങൾ എം.സി.എഫ്., ആർ.ആർ.എഫ്.കളിൽ ഒരുക്കുന്നതിനാവശ്യമായ ചെലവ് തുക 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം / ശുചിത്വമിഷൻ പദ്ധതി വിഹിതം എന്നിവയിൽ ലഭ്യമായതിൽ നിന്നും കണ്ടെത്താവുന്നതാണ്.

ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, കേരള ഫയർ ആന്റ് റെസ്ക്യൂ സർവീസസ്.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഡിപ്പാർട്ട്മെന്റ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ആ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I) / (ഓഡിറ്റ് II), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഡയറക്ടർ, ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ

പകർപ്പ്:
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.